## ഗ്രാമീണ്‍ കൃഷി മൗസം സേവാ

## കാര്‍ഷിക കാലാവസ്ഥ നിര്‍ദ്ദേശക ബുള്ളറ്റിന്‍, തൃശ്ശൂര്‍ജില്ല

**പ്രവചന കാലയളവ് 25.12.2021 മുതല്‍ 29.12.2021 വരെ**

**വെള്ളാനിക്കര കേരള കാര്‍ഷിക സര്‍വ്വകലാശാലയിലെ**
**കാര്‍ഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**
**ഭാരതീയ കലാവസ്ഥാവകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| എ.എ.എസ് ബുള്ളറ്റിന്‍ നമ്പര്‍ 52/2021, (104) വെള്ളിയാഴ്ച്ച | തീയ്യതി: 24/12/2021 |
|---|---|

### 1. കഴിഞ്ഞ ആഴ്ചയിലെ അന്തരീക്ഷസ്ഥിതി:

| മഴ (മി.മി) | ഉയര്‍ന്ന താപനില (°C) | കുറഞ്ഞ താപനില (°C) | കൂടിയ അന്തരീക്ഷ ആര്‍ദ്രത (%) | കുറഞ്ഞ അന്തരീക്ഷ ആര്‍ദ്രത (%) | കാറ്റിന്റെവേഗത (കിലോമീറ്റര്‍/ മണിക്കൂര്‍) | സൂര്യപ്രകാശത്തിന്റെ അളവ് (മണിക്കൂര്‍) | ബാഷ്പീകരണം (മി.മി) |
|---|---|---|---|---|---|---|---|
| (0.0) | (31.5-33.0) | (20.8-24.4) | (67-81) | (48-55) | (3.8-10.4) | (8.0-9.1) | (2.9-5.6) |

### 2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യന്‍ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം:

| കാലാവസ്ഥാ ഘടകങ്ങള്‍ | 25.12.2021 | 26.12.2021 | 27.12.2021 | 28.12.2021 | 29.12.2021 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റര്‍) | 0 | 0 | 0 | 0 | 0 |
| ഉയര്‍ന്ന താപനില (°C) | 32 | 32 | 32 | 32 | 32 |
| കുറഞ്ഞ താപനില (°C) | 22 | 22 | 23 | 23 | 23 |
| കൂടിയ അന്തരീക്ഷ ആര്‍ദ്രത (%) | 75 | 75 | 75 | 75 | 75 |
| കുറഞ്ഞ അന്തരീക്ഷ ആര്‍ദ്രത (%) | 60 | 60 | 60 | 60 | 60 |
| കാറ്റിന്റെവേഗത(കിലോമീറ്റര്‍/മണിക്കൂര്‍) | 2 | 3 | 3 | 2 | 3 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 90 | 90 | 70 | 90 | 70 |
| മേഘവ്യാപ്തി (ഒക്ടs) | 2 | 2 | 1 | 0 | 0 |

കാലാവസ്ഥാ അറിയിപ്പ് : **ജില്ലയില്‍ മഴ ഇല്ലാത്ത സാഹചര്യത്തിലും, വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാലും ആവശ്യഘട്ടങ്ങളില്‍ വിളകള്‍ക്ക് നന കൊടുക്കേണ്ടതാണ്.** കേരളത്തില്‍ ശരാശരിയേക്കാള്‍ **കുറവ്** മഴ ലഭിക്കാന്‍ സാധ്യത.

### അടുത്ത അഞ്ച് ദിവസത്തേക്കുള്ള മഴയുടെ പ്രവചനം

| 2021 ഡിസംബര്‍ 25 | 2021 ഡിസംബര്‍ 26 | 2021 ഡിസംബര്‍ 27 | 2021 ഡിസംബര്‍ 28 | 2021 ഡിസംബര്‍ 29 |
|---|---|---|---|---|
| മഴ ഇല്ല | | | | |

### 3. വിള പരിപാലനത്തിനുള്ള പൊതുനിര്‍ദ്ദേശങ്ങളും കാര്‍ഷിക നിര്‍ദ്ദേശങ്ങളും

**പൊതുനിര്‍ദ്ദേശങ്ങള്‍: മഴ ഇല്ലാത്ത സാഹചര്യത്തിലും, വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാലും ആവശ്യഘട്ടങ്ങളില്‍ വിളകള്‍ക്ക് നന കൊടുക്കേണ്ടതാണ്. കാറ്റിന് വേഗത കൂടാന്‍ സാധ്യതയുള്ളതിനാല്‍ വാഴക്ക് താങ്ങു കാലുകള്‍ നല്‍കുക. പച്ചക്കറി പന്തലുകള്‍ ബലപ്പെടുത്തുക.**

| വിളകള്‍ | രോഗ കീടങ്ങള്‍ | | കാര്‍ഷിക/ മൃഗസംരക്ഷണ നിര്‍ദ്ദേശങ്ങള്‍ |
|---|---|---|---|
| നെല്ല് (മുണ്ടകന്‍) കതിരു വന്ന പരുവം | തവിട്ട് മുഞ്ഞ |  | മൂടികെട്ടിയ അന്തരീക്ഷസ്ഥിതി തുടരുമ്പോള്‍ നെല്ലില്‍ തവിട്ട് മുഞ്ഞയുടെ ആക്രമണം കാണാന്‍ സാധ്യതയുണ്ട്. അവയെ നിയന്ത്രിക്കാന്‍ മൂന്ന് മില്ലി ഇമിടാക്ലോപ്രിഡ് പത്ത് ലിറ്റര്‍ വെള്ളത്തില്‍ കലക്കി തളിക്കുക. അല്ലെങ്കില്‍ രണ്ട് ഗ്രാം തയോമെത്തോക്സാം പത്ത് ലിറ്റര്‍ വെള്ളത്തില്‍ കലക്കി തളിക്കുക. |
| | ബാക്ടീരിയല്‍ ഇല കരിച്ചല്‍ |  | നെല്ലില്‍ ബാക്ടീരിയ മൂലമുള്ള ഇലകരിച്ചില്‍ പടരാതെ നിയന്ത്രിക്കാന്‍ 20 ഗ്രാം പച്ചചാണകം ഒരുലിറ്റര്‍ വെള്ളത്തില്‍ കലക്കി തെളിയെടുത്ത് 20 ഗ്രാം സ്യുഡോമോണാസ് ഒരുലിറ്റര്‍ വെള്ളത്തില്‍ കലക്കിയതും ചേര്‍ത്ത് തളിക്കാവുന്നതാണ്. |
| പച്ചക്കറികള്‍ | നീരൂറ്റികുടിക്കുന്ന പ്രാണികള്‍ |  | അന്തരീക്ഷ ഊഷ്മാവ് കൂടി വരുന്നതിനാല്‍ നീരൂറ്റികുടിക്കുന്ന പ്രാണികള്‍ കാണാന്‍ സാധ്യതയുണ്ട്. ഇവയെ നിയന്ത്രിക്കുന്നതിനായി ആഴ്ച്ചയിലൊരിക്കല്‍ 2% വീര്യമുള്ള വേപ്പെണ്ണവെളുത്തുള്ളി മിശ്രിതം തളിക്കുക അല്ലെങ്കില്‍ 20 ഗ്രാം ലക്കാനിസീലിയം ലക്കാനി ഒരു ലിറ്റര്‍ വെള്ളത്തില്‍ കലക്കി തളിക്കുക |
| കാബേജ്/ കോളിഫ്ളവര്‍ | ഇലത്തീനിപ്പുഴു |  | ആക്രമണത്തിന്റെ ആരംഭഘട്ടത്തില്‍ പുഴുവിന്റെ ആക്രമണം ബാധിച്ച ഇലകള്‍ മുട്ട, പുഴു , പ്യൂപ്പ എന്നിവയോടു കൂടി തന്നെ നശിപ്പിച്ച് കളയുക. കൂടാതെ വേപ്പിന്‍ കുരുസത്ത് 5 ശതമാനം വീര്യത്തില്‍ തയ്യാറാക്കി തളിച്ചു കൊടുക്കുക. ആക്രമണം രൂക്ഷമാണെങ്കില്‍ 2 മി.ലി ഫ്ളൂബെന്റാമൈഡ് (ടക്കുമി) പത്ത് ലിറ്റര്‍ വെള്ളത്തില്‍ എന്ന തോതിലോ, അല്ലെങ്കില്‍ ക്ലോറാന്‍ട്രാനിലിപ്രോള്‍ (കൊറാജന്‍) 3 മി.ലി. പത്ത് ലിറ്റര്‍ വെള്ളത്തില്‍ എന്ന തോതിലോ തളിച്ചു കൊടുക്കേണ്ടതാണ് |
| മൃഗസംരക്ഷണം | ചാണക പരിശോധന നടത്തി വിദഗ്ദോപദേശപ്രകാരം വിര മരുന്നുകള്‍ നല്‍കുക. കുളമ്പുരോഗത്തിന്റെ പ്രതിരോധ കുത്തിവെപ്പ് എടുക്കുക. ചെള്ള്, ഈച്ച, കൊതുക്, പേന്‍ തുടങ്ങിയ ബാഹ്യപരാധങ്ങള്‍ക്ക് എതിരെ ജാഗ്രത പുലര്‍ത്തുക. (CAADECCS, KVASU, മണ്ണുത്തി) | | |